# ആർച്ച് ബിഷപ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ കാലംചെയ്തു



കൊച്ചി: വരാപ്പുഴ അതിരൂപത മുൻ മെത്രാപ്പോലീത്ത കൊർണേലിയൂസ് ഇലഞ്ഞിക്കൽ കാലം ചെയ്തു. 93 വയസായിരുന്നു. ഇന്നു രാവിലെ 7.30ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ശ്വാസകോശത്തിലെ അണുബാധയെത്തുടർന്ന് ഒരാഴ്ച മുമ്പാണ് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ദീർഘനാളായി പ്രമേഹത്തിനും ഹൃദ്രോഗത്തിനും ചികിൽസയിലായിരുന്നു. ഇന്നലെ രാത്രിയോടെ രോഗം മൂർച്ഛിക്കുകയും ഇന്നു രാവിലെ അന്ത്യം സംഭവിക്കുകയുമായിരുന്നു.

1918 സെപ്റ്റംബർ 8–ന്, പരിശുദ്ധ കന്യകാ മറിയത്തി ന്റെ ജനനത്തിരുനാൾ ദിവസം, ഇപ്പോഴത്തെ കോട്ടപ്പുറം രൂപതയുടെ കീഴിലുള്ള കൊടുങ്ങല്ലൂർ കാര കർമ്മല നാഥയുടെ നാമധേയത്തിലുള്ള ഇടവ കയിൽ പുരാത നവും പ്രശസ്തവുമായ ഇലഞ്ഞിക്കൽ തറവാട്ടിൽ കുഞ്ഞവരായുടെയും ത്രേസ്യയുടെയും മകനായി കൊർണേലിയൂസ് ഇലഞ്ഞിക്കൽ ജാത നായി. മാതാവിന്റെ പിറവിത്തിരുന്നാളിൽ ജാതനായ തുകൊണ്ടും ഇടവകദേവാലയം പരിശുദ്ധ കന്യകാമറി യത്തിന് പ്രതിഷ്ഠിക്കപ്പെട്ടതുകൊണ്ടും വലിയൊരു മരിയഭക്തനായാണ് അദ്ദേഹം വളർന്നത്. ഇടവകദേവാ ലയത്തോടു ചേർന്നുള്ള സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. 1933–ൽ എട്ടാം സ്റ്റാൻഡേർ ഡിൽ പഠിക്കാൻ എറണാകുളം സെന്റ് ആൽബർട്സ് സ്കൂളിൽ ചേരുകയും അതേവർഷം തന്നെ ക്രിസ് തുവിന്റെ പുരോഹിതനാകണം എന്ന ആഗ്രഹത്തോടെ വരാപ്പുഴ അതിരൂപത മൈനർ സെമിനാരിയിൽ പ്രവേ ശിക്കുകയും ചെയ്തു.

മൈനർ സെമിനാരി പഠനത്തിനുശേഷം 1938–ൽ മംഗലപ്പുഴ സെന്റ് ജോസഫ്സ് സെമിനാരിയിൽ ചേർ ന്ന് തത്ത്വശാസ്ത്രപഠനം ആരംഭിച്ചു. പഠനത്തിലും പ്രാർത്ഥനയിലും സമർത്ഥനായ കൊർണേലിയൂസിനെ 1939–ൽ ദൈവശാസ്ത്ര പഠനത്തിനാ യി റോമിലേ ക്കയച്ചു. റോമിലെ ഉർബാനിയാന പ്രൊപഗാന്ത കോള ജിൽ ദൈവശാ സ്ത്രപഠനം പൂർ ത്തിയാക്കി 1945 മാർ ച്ച് 18നു പൗരോ ഹിത്യപട്ടം സ്വീകരിച്ചു. 1950–ൽ റോമിൽ നിന്നു തിരി ച്ചെത്തിയ പിതാവ് ചാത്യാത്ത് കർ മ്മലനാഥയുടെ പള്ളിയിൽ സഹവി കാരിയായി നിയമിക്കപ്പെട്ടു. 1951–ൽ പുണ്യശ്ലോകനായ അട്ടിപ്പേറ്റി പിതാവിന്റെ സെക്രട്ടറിയായി നിയമിതനായി. മൂന്നു വർഷത്തിനു ശേഷം 1954–ൽ സെന്റ് ഫ്രാൻസീസ്



അസീസി കത്തീഡ്രലിൽ അസിസ്റ്റ ന്റായി നിയമനം ലഭിച്ചു. 1956–ൽ മൈനർ സെമിനാരി റെക്ടറായി. 1961 ഒക്ടോബർ ഒന്നിനു പ്രോ വികാരി ജനറാളായി ഉയർത്തിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യത്തിനും ഭരണപാടവത്തിനും അംഗീകാരം നല്കി. 1970 ജനുവരി 21ന് അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാ പ്പോലീത്താ ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ ദേഹവി യോഗത്തെ തുടർന്ന് അതിരൂപതാ ആലോചനാസമിതി മോൺ. കൊർണെലിയൂസ് ഇലഞ്ഞിക്കലിനെ വികർ കാപ്പിറ്റുലർ ആയി തെരഞ്ഞെടുത്തു.

1971 ഫെബ്രുവരി 15ന് വിജയപുരം രൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാനായി നിയമിക്കപ്പെട്ടതുവരെ പ്രസ്തുത ഉത്തരവാദിത്വം പിതാവ് സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചു. 1971 ഏപ്രിൽ നാലിന് ഓശാന ഞായ റാഴ്ചയാണ് ഡോ. ജോസഫ് കേളന്തറയോടൊപ്പം അദ്ദേഹം മെത്രാനായി അഭിഷിക്തനായത്. വേദപ്രചാര തിരുസംഘത്തിന്റെ സെക്രട്ടറിയും പിന്നീട് പൗരസ്ത്യ തിരുസംഘത്തിന്റെ അധ്യക്ഷനുമായ കർദിനാൾ സൈമൺ ലൂർദ്സ്വാമിയാണ് മെത്രാഭിഷേകത്തിൽ മുഖ്യകാർമികത്വം വഹിച്ചത്. 1971 ഏപ്രിൽ മുതൽ 1987 മാർച്ച് വരെ അദ്ദേഹം വിജയപുരം രൂപതയുടെ മെത്രാനായി സേവനം അനുഷ്ഠിച്ചു. 1987 ഫെബ്രുവരി 11നു വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി

നാമനിർദേശം ചെയ്യപ്പെട്ടു. 1987 മാർച്ച് 19ന് അതിരൂപത മെത്രാപ്പോലീത്തയായി ചുമതലയേറ്റു. 1987 ജൂൺ 29ന് റോമിൽവച്ച് മെത്രാപ്പോലീത്തമാരുടെ പ്രത്യേക സ്ഥാനികവസ്ത്രമായ പാലിയം വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽ നിന്നു സ്വീകരിച്ചു. 1996 ഓഗസ്റ്റ് അഞ്ചിന് കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് വാർധക്യവും അനാരോഗ്യവും നിമിത്തം അതിരൂപത ഭരണത്തിൽ നിന്നു സ്വയംവിരമിച്ചു.

1950–ൽ റോമിൽ നിന്നു തിരി ച്ചെത്തിയ പിതാവ് ചാത്യാത്ത് കർ മ്മലനാഥയുടെ പള്ളിയിൽ സഹവി കാരിയായി നിയമിക്കപ്പെട്ടു. 1951–ൽ പുണ്യശ്ലോകനായ അട്ടിപ്പേറ്റി പിതാവിന്റെ സെക്രട്ടറിയായി നിയമിതനായി. മൂന്നു വർഷത്തിനു ശേഷം 1954–ൽ സെന്റ് ഫ്രാൻസീസ് അസീസി കത്തീഡ്രലിൽ അസിസ്റ്റ ന്റായി നിയമനം ലഭിച്ചു. 1956–ൽ മൈനർ സെമിനാരി റെക്ടറായി. 1961 ഒക്ടോബർ ഒന്നിനു പ്രോ വികാരി ജനറാളായി ഉയർത്തിക്കൊണ്ട് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യത്തിനും ഭരണപാടവത്തിനും അംഗീകാരം നല്കി. 1970 ജനുവരി 21ന് അതിരൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാ പ്പോലീത്താ ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ ദേഹവി യോഗത്തെ തുടർന്ന് അതിരൂപതാ ആലോചനാസമിതി മോൺ. കൊർണെലിയൂസ് ഇലഞ്ഞിക്കലിനെ വികർ കാപ്പിറ്റുലർ ആയി തെരഞ്ഞെടുത്തു. 1971 ഫെബ്രുവരി 15ന് വിജയപുരം രൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാനായി നിയമിക്കപ്പെട്ടതുവരെ പ്രസ്തുത ഉത്തരവാദിത്വം പിതാവ് സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചു. 1971 ഏപ്രിൽ നാലിന് ഓശാന ഞായ റാഴ്ചയാണ് ഡോ. ജോസഫ് കേളന്തറയോടൊപ്പം അദ്ദേഹം മെത്രാനായി അഭിഷിക്തനായത്.

1971 ഏപ്രിൽ മുതൽ 1987 മാർച്ച് വരെ അദ്ദേഹം വിജയപുരം രൂപതയുടെ മെത്രാനായി സേവനം അനുഷ്ഠിച്ചു. 1987 ഫെബ്രുവരി 11നു വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നാമനിർദേശം ചെയ്യപ്പെട്ടു. 1987 മാർച്ച് 19ന് അതിരൂപത മെത്രാപ്പോലീത്തയായി ചുമതലയേറ്റു. 1987 ജൂൺ 29ന് റോമിൽവച്ച് മെത്രാപ്പോലീത്തമാരുടെ പ്രത്യേക സ്ഥാനികവസ്ത്രമായ പാലിയം വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പയിൽ നിന്നു സ്വീകരിച്ചു. 1996 ഓഗസ്റ്റ് അഞ്ചിന് കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് വാർധക്യവും അനാരോഗ്യവും നിമിത്തം അതിരൂപത ഭരണത്തിൽ നിന്നു സ്വയംവിരമിച്ചു. മെത്രാന്മാർക്കിടയിലെ കവിയും കവികൾക്കിടയിലെ മെത്രാനുമാണ് യാത്രചൊല്ലുന്നത്.